വെള്ളപ്പൊക്ക നിവാരണ പദ്ധതിയനുസരിച്ച് ആരംഭിച്ച സ്ക്കൂൾ കെട്ടിടങ്ങളുടെ പണി

518 [719] ശ്രീ. കെ. ടി. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളപ്പൊക്ക നിവാരണ പദ്ധതി അനുസരിച്ച് ഓരോ മണ്ഡലത്തിലും രണ്ട് സ്ക്കൂൾ കെട്ടിടങ്ങൾക്ക് ,രണ്ടുലക്ഷം രൂപ അനുവദിക്കുമെന്ന സർക്കാർ തീരുമാനമനുസരിച്ച് എത്ര സ്ക്കൂൾ കെട്ടിടങ്ങളുടെ പണി ആരംഭിച്ചിട്ടുണ്ട് ;

(ബി) അവ എവിടെയെല്ലാമെന്നും ഏതെല്ലാം ജില്ലകളിൽ, ഏതെല്ലാം നിയോജകമണ്ഡലങ്ങളിൽ എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) മഴയും വെള്ളപ്പൊക്കവും മൂലമുള്ള നാശനഷ്ടങ്ങളെ സംബന്ധിച്ച ജോലിയിൽപ്പെടുത്തി 249 സ്ക്കൂൾ കെട്ടിടങ്ങൾ പുതുക്കി പണിയാനും പുതിയവ നിർമ്മിക്കുവാനും തീരുമാനിച്ചു. അവയിൽ 237 സ്ക്കൂൾ കെട്ടിടങ്ങളുടെ പണി ആരംഭിച്ചിട്ടുണ്ട്.

(ബി) ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. † ഏതെല്ലാം നിയോജകമണ്ഡലങ്ങളിലാണെന്നുള്ള വിവരം ശേഖരിച്ചു വരുന്നു.

അങ്കമാലിചുള്ളി ഗവൺമെന്റ് എൽ. പി. സ്ക്കൂൾ തകർന്നു വീണതിന്റെ ഫലമായി പരിക്കുപറ്റിയവർ

519 [721] ശ്രീ. ടി. കെ. ആറുമുഖൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലിചുള്ളി ഗവൺമെന്റ് എൽ. പി. സ്ക്കൂൾ തകർന്നു വീണതിന്റെ ഫലമായി എത്ര പേർക്ക് പരിക്കുപറ്റി, ഇതിൽ വിദ്യാർത്ഥികൾ എത്ര; അല്ലാത്തവർ എത്ര ;

(ബി) പരിക്കേറ്റ് ഇപ്പോൾ ആശുപത്രിയിൽ കഴിയുന്നവർ എത്ര ;

(സി) പരിക്ക് പറ്റിയവർക്ക് എന്തൊക്കെ സഹായങ്ങൾ സർക്കാർ ചെയ്തുകൊടുത്തിട്ടുണ്ട് ;

(ഡി) കളക്ടർ നൽകുമെന്നു പ്രഖ്യാപിച്ചിരുന്ന 500 രൂപ ആർക്കും നൽകേണ്ടതില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഇ) എങ്കിൽ കാരണമെന്ത് ?

ഉത്തരം

(എ) 105 പേർ.
വിദ്യാർത്ഥികൾ 94.
അല്ലാത്തവർ 11.

(ബി) 11.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ആറുപേർക്ക് 500 രൂപ വീതവും 50 പേർക്ക് 300 രൂപ വീതവും 5 പേർക്ക് 200 രൂപ വീതവും ആശുപത്രി ചെലവിലേക്ക് നൽകുകയുണ്ടായി. ബാക്കിയുള്ളവരുടെ മെഡിക്കൽ സർട്ടിഫിക്കറ് ഇനിയും കിട്ടേണ്ടതുണ്ട്.

(ഡി) ഉണ്ട്. മന്ത്രി സ്ഥലം സന്ദർശിക്കുകയും ചികിൽസക്കും ആശുപത്രിയിലെ സംരക്ഷണത്തിനും ആവശ്യമായ തുക മുഴുവൻ വഹിക്കണമെന്ന് കളക്ടറോട് നിർദ്ദേശിക്കുകയും ചെയ്തു.

(ഇ) ചികിൽസയ്ക്കാവശ്യമായ പണം തികച്ചും ആ ആവശ്യത്തിനു തന്നെ ലഭ്യമാകണം എന്ന സദുദ്ദേശത്തോടുകൂടിയാണ് അപ്രകാരം നിർദ്ദേശിച്ചത്.

കോഴിക്കോട് ഗവൺമെൻറ് മോഡൽ സ്ക്കൂളിന്റെ വക സ്ഥലം

520. [722] [ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കോഴിക്കോട് ഗവൺമെൻറ് മോഡൽ ഹൈസ്ക്കൂളിന്റെ വക സ്ഥലത്തു നിന്നും ലൈബ്രറി ആരംഭിക്കുവാൻ വേണ്ടി സ്ഥലം അനുവദിക്കണമെന്ന അപേക്ഷ ഗവൺമെൻറിനു ലഭിച്ചിരുന്നുവോ ;

(ബി) ഉണ്ടെങ്കിൽ ആരാണ് അപേക്ഷിച്ചിട്ടുള്ളത് ;

(സി) ലൈബ്രറിക്ക് സ്ഥലം അനുവദിക്കുവാൻ ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം വ്യവസ്ഥകൾ അനുസരിച്ചാണ് സ്ഥലം അനുവദിച്ചിട്ടുള്ളത് ;

(ഇ) ഗവൺമെൻറ് മോഡൽ ഹൈസ്ക്കൂളിന് ഇപ്പോൾ എത്ര സ്ഥലം സ്വന്തമായുണ്ട് ?]

ഉത്തരം

(എ) ലഭിച്ചിരുന്നു.

(ബി) സെക്രട്ടറി, കാലിക്കട്ട് പബ്ലിക് ലൈബ്രറി സൊസൈറ്റി 18/625 ബി, പുതിയറ, കോഴിക്കോട്.

(സി) ഉണ്ട്. 13-4-1984-ൽ ജി. ഒ. എം. എസ്. നമ്പർ 434/84/ആർ. ഡി. ആയി സ്ഥലം അനുവദിക്കുവാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) സൊസൈറ്റി, കേരള ഭൂപതിവു ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി ഏക്കറിന് 200 രൂപ എന്ന നിരക്കിൽ സ്ഥല വിലയും സ്ഥലത്തുള്ള ഇടിഞ്ഞു പൊളിഞ്ഞ നാല് കെട്ടിടങ്ങളുടെ വിലയായി 49,000 രൂപയും അടയ്ക്കണമെന്നതാണ് ഒരു വ്യവസ്ഥ. കൂടാതെ പതിവ് ഭൂമി പബ്ലിക്ക് ലൈബ്രറി കോംപ്ലക്സ് സ്ഥാപിക്കാനല്ലാതെ മറ്റു കാര്യത്തിന് ഉപയോഗപ്പെടുത്തരുതെന്നും പതിവ് ഭൂമി യാതൊരുപ്രകാരത്തിലും സർക്കാർ സമ്മതമില്ലാതെ അന്യാധീനപ്പെടുത്തരുതെന്നും ഈ വ്യവസ്ഥകൾ ഏതെങ്കിലും ലംഘിച്ചാൽ പതിവ് ഭൂമിയിൽ സൊസൈറ്റി വരുത്തിയ മാറ്റങ്ങൾക്കൊന്നും നഷ്ടപരിഹാരം നൽകാതെ ഭൂമി തിരിച്ചെടുക്കുമെന്നും വ്യവസ്ഥ ഉണ്ട്.

(ഇ) ട്രെയിനിംഗ് കോളേജിനും മോഡൽ ഹൈസ്ക്കൂളിനും കൂടി 3 ഏക്കർ.

LIBRARY ARCHIVES Kerala Legislative Assembly